Draft #1 of File 11245/AC A1/1/2019/AC A 1 Approved by ASSISTANT REGISTRAR I ACADEMIC on 01-Apr-2019 11:12 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ബിവോക് പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച നിയമോപദേശം പരിഗണിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1393/AC A 1/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 02.04.2019

---

പരാമർശം:-1 . 26.09.2018 തീയതീയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് ഇനം.നമ്പർ ഒ എ. 49/18.08പ്രകാരമുള്ള തീരുമാനം

2 . സർവകലാശാല കത്ത് നം എസി എ1/1/5422/2018 തീയതി 13.11.2018

3 . 21.11.2018 ലെ ലീഗൽ അഡ്വൈസറുടെ കത്ത്

4 .18.03.2019 തീയതീയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് ഇനം.നമ്പർ 33/19.02 /196004പ്രകാരമുള്ള തീരുമാനം .

**<u>ഉത്തരവ്</u>**

നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെ കീഴിൽ യു ജി സി യുടെ ധനസഹായത്തോടെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിക്കുന്ന ബി.വോക് പ്രോഗ്രാമുകൾക്ക് നിശ്ചിതകാലത്തേക്കാണ് യു ജി സി യുടെ ധനസഹായം അനുവദിച്ചിട്ടുള്ളത്. ടി കാലാവധിക്കു ശേഷം ബി.വോക് പ്രോഗ്രാമുകൾ സ്വാശ്രയ രീതിയിൽ നടന്നു വരികയാണ്.

ബിവോക് പ്രോഗ്രാമുകളുടെ അനുമതി, യു ജി സി ഫണ്ടിംഗ് നില നിൽക്കുന്ന കാലത്തേക്ക് മാത്രമായി നിജപ്പെടുത്തുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് നിയമോപദോശം തേടാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചു. അതിൻപ്രകാരം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം നിയമോപദേശം തേടുകയും, യു ജി സി ധനസഹായം നില നിൽക്കുന്ന കാലത്തേക്ക് മാത്രമായി ബി വോക് പ്രോഗ്രാമുകളുടെ അനുമതി പരിമിതപ്പെടുത്തുന്നതിൽ നിയമപരമായ അപാകതകൾ ഒന്നും കാണുന്നില്ല എന്ന് പരാമർശം (3) പ്രകാരം നിയമോപദേശം ലഭിക്കുകയും ചെയ്തു.

ബിവോക് പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച നിയമോപദേശം സർവകലാശാല സിൻഡിക്കേറ്റ് പരിഗണിക്കുകയും പരാമർശം (4) പ്രകാരം , ബി.വോക് പ്രോഗ്രാമുകൾ നടത്തുവാനുള്ള അനുമതി യു ജി സി ഫണ്ടിംഗ് ലഭിക്കുന്ന കാലഘട്ടത്തിലേക്ക് മാത്രം നൽകിയാൽ മതി എന്നു തീരുമാനമെടുക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുകുമാരൻ .റ്റി. ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. ജെ ആർ /ഡി ആർ/എ ആർ (അക്കാദമിക്)
5. കൺടെന്റ് മാനേജ്മെന്റ്/ ഐ ക്യൂ എ സി/ എ സി സി 1/എ സി സി2
6. കരുതൽ ഫയൽ /ഫയൽ കോപ്പി /റെക്കോർഡ്സ്

Draft #1 of File 11245/AC A1/1/2019/AC A 1 Approved by ASSISTANT REGISTRAR I ACADEMIC on 01-Apr-2019 11:12 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം